LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം

128(5717) ശ്രീ. എ. കെ ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തനം ആരംഭിച്ചശേഷം ഇതുവരെ പോലീസിനെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പരാതികൾ തീർപ്പാക്കുന്നതിന് അതോറിറ്റി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര പരാതികൾ ഇതുവരെ തീർപ്പാക്കിയിട്ടുണ്ട് ; വർഷം ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) തീർപ്പാക്കിയ കേസ്സുകളിൽ അതോറിറ്റിയുടെ ശിപാർശകളെ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; അതുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ നടപടി സ്വീകരിച്ചു ; നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പരാതി അതോറിറ്റിയിൽ സ്വീകരിച്ചു കഴിഞ്ഞാൽ കുറ്റാരോപിതനായ പോലീസ് ഉദ്യോഗസ്ഥന്റെ പ്രതിവാദ പത്രിക സമർപ്പിക്കാൻ ആവശ്യപ്പെടുകയും ആയതിന് 14 ദിവസത്തിൽ കുറയാത്ത സമയപരിധി നൽകുകയും ചെയ്യുന്നു. പ്രതിവാദ പത്രിക ലഭിച്ചുകഴിഞ്ഞാൽ ആയത് തൃപ്തികരമാണെങ്കിൽ പരാതി തീർപ്പാക്കുന്നതാണ്. എന്നാൽ മറിച്ചാണെങ്കിൽ രേഖകൾ പരിശോധിച്ചും കൂടുതൽ തെളിവുകൾ ആവശ്യമെന്ന് കാണുന്ന കേസുകളിൽ പരാതിക്കാരനെയും കുറ്റാരോപിതരായ ഉദ്യോഗസ്ഥരെയും നേരിൽ കേട്ടും സാക്ഷികൾ ഉൾപ്പെടെയുള്ളവരുടെ മൊഴി രേഖപ്പെടുത്തിയും വിസ്തരിച്ചും തെളിവെടുപ്പ് നടത്തിയും തീർപ്പ് കൽപ്പിക്കുന്നു.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി 15 കേസുകളിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസുകളിൽപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും റീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുന്നതിനും ക്രൈം കേസുകളിൽ തുടരന്വേഷണം നടത്തുന്നതിനും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.